6765
27/3/17

## കേരള സർക്കാർ

### സംഗ്രഹം

വനം-വന്യജീവി വകുപ്പ് - കാലടി റെയിഞ്ച്-കണ്ണിമംഗലം സ്റ്റേഷൻ പരിധിയിൽപ്പെട്ട 1951 തേക്ക് തോട്ടത്തിലെ ക്ലിയർ ഫെല്ലിംഗ് ജോലികളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർവ്വശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കെ.ഒ.സേവി. സീനിയർ സൂപ്രണ്ട് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി-ഔപചാരികാന്വേഷണത്തിന് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

### വനം വന്യജീവി (എ) വകുപ്പ്

സ.ഉ. (സാധാ) നം.94/2017/വനം തീയതി, തിരുവനന്തപുരം, 18.03.2017

പരാമർശം:- 1) 09.04.2014 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ (വിജിലൻസ്) വിഇ 1-6832/2014 നമ്പർ കത്ത്

2) 09.02.2016 ലെ 4968/എ 1/2014/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 13.04.2016 തീയതിയായി ശ്രീ.പി.മുരളീധരൻ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, 28.04.2016 തീയതിയായി ശ്രീ.കെ.ഒ.സേവി. സീനിയർ സൂപ്രണ്ട്, 02.11.2016 തീയതിയായി ശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

4) 17.09.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം)റുടെ ബി4-16209/2014 നമ്പർ കത്ത്

### ഉത്തരവ്

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽ കണ്ണിമംഗലം സ്റ്റേഷൻ പരിധിയിൽപ്പെട്ട 1951 തേക്ക് തോട്ടത്തിലെ ക്ലിയർ ഫെല്ലിംഗ് ജോലികളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പാണ്ടുപ്പാറ വന സംരക്ഷണ സമിതി ബഹു.വനം വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് അയച്ചു തന്നു.

2. ടി അന്വേഷണത്തിൽ സർക്കാരിലേയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുകയും കൺവീനർമാർക്കും മറ്റും അനധികൃത സാമ്പത്തിക ലാഭം ഉണ്ടാക്കാൻ ഇടയാവുകയും ചെയ്തതിന് 16 ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തി. ടി ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ശുപാർശ ചെയ്തു.

3. ഇവരിൽ സർവ്വശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, കെ.ഒ.സേവി.സീനിയർ സൂപ്രണ്ട് എന്നിവർക്ക

സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.പി.ശശീന്ദ്രന് കാരണം കാണിക്കൽ നോട്ടീസും നൽകി.

4. ശ്രീ.ബി.എൻ.നാഗരാജിനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

(i) 1951 പാണ്ടുപാറ തോട്ടത്തിലെ ഫൈനൽ ഫെല്ലിംഗ് ജോലികളിൽ ക്രമക്കേടുകൾ കാട്ടുകവഴി സർക്കാരിന് ഭീമമായ നഷ്ടമുണ്ടാക്കി.

(ii) എസ്റ്റിമേറ്റുകളിൽ കൃത്രിമവും ക്രമക്കേടും കാണിച്ചു.

(iii) മേൽപ്പറഞ്ഞവ മൂലം സർക്കാരിനുണ്ടായ 5.32.401/- രൂപയുടെ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 64.203/- രൂപയ്ക്ക് ടിയാൻ ഉത്തരവാദിയാണ്.

(iv) മേൽ കൃത്യങ്ങൾ വഴി ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുകയും കൃത്യവിലോപം കാട്ടുകയും ചെയ്തു.

5. ശ്രീ.പി.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീ.കെ.ഒ.സേവി ജൂനിയർ സൂപ്രണ്ട് (ഇപ്പോൾ സീനിയർ സൂപ്രണ്ട്) എന്നിവർക്കെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

(i) 1951 പാണ്ടുപാറ തോട്ടത്തിന്റെ ഫൈനൽ ഫെല്ലിംഗ് ജോലിയ്ക്കായി കാലടി റെയിഞ്ചോഫീസർ സമർപ്പിച്ച എസ്റ്റിമേറ്റ് ശരിയാംവണ്ണം പരിശോധിക്കാതെ അതേപടി തന്നെ മേലധികാരിക്ക് പാസ്സാക്കുന്നതിനായി സമർപ്പിക്കുകവഴി സർക്കാരിന് ഭീമമായ നഷ്ടം സംഭവിക്കുകയും കൺവീനർക്ക് അനധികൃതമായി സാമ്പത്തിക നേട്ടം ഉണ്ടാകുവാൻ അവസരം നൽകുകയും ചെയ്തു.

(ii) മേൽപ്പറഞ്ഞവ മൂലം സർക്കാരിനുണ്ടായ 5.32.401/- രൂപയുടെ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 43.432/- രൂപയ്ക്ക് ടിയാന്മാർ ഉത്തരവാദിയാണ്.

(iii) മേൽ കൃത്യങ്ങൾ വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

6. കുറ്റാരോപിതർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ, ടി വിഷയത്തിൽ ടിയാന്മാരുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടു.

7. കുറ്റാരോപിതരുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർക്ക് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം കൂടി നൽകുന്നതിനും ടി വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനുമായി 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ടി കുറ്റാരോപിതർക്കെതിരെ ഒരു ഔപചാരികാന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സർവ്വശ്രീ.ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീ.കെ.ഒ.സേവി, സീനിയർ സൂപ്രണ്ട്

ഇവർക്കെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി ശ്രീ ജോർജ്ജ് പി.മാത്തച്ചൻ ഐ.എഫ്.എസ്., ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോഴിക്കോടിനെയും, പ്രസന്റിംഗ് ഓഫീസറായി ശ്രീമതി.ആർ കീർത്തി ഐ.എഫ്.എസ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചാലക്കുടിയെയും നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

3. അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ ജോർജ്ജ് പി.മാത്തച്ചൻ ഐ.എഫ്.എസ്., ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോഴിക്കോട്
ശ്രീമതി.ആർ കീർത്തി ഐ.എഫ്.എസ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി
} (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

ശ്രീ ബി.എൻ.നാഗരാജ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ശ്രീ പി.മുരളീധരൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
[illegible] സീനിയർ സൂപ്രണ്ട്
} (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ